നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വം നഷ്ടപ്പെട്ടവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് നടപടി

*14 [615] ശ്രീ. ടി. എച്ച്. മുസ്തഫ:
,, ടി. എൻ. പ്രതാപൻ:
,, കെ. ബാബു:
,, എ. പി. അനിൽകുമാർ:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വം നഷ്ടപ്പെട്ട വർക്ക് അതു പുനഃസ്ഥാപിച്ചു കിട്ടുവാനുള്ള സൗകര്യം നൽകിയിട്ടുണ്ടോ; അതിനു വേണ്ടി അംഗത്വം നഷ്ടപ്പെട്ട കാലത്തെ കുടിശ്ശിക അടയ്ക്കേണ്ടതുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്നുവരെ സമയം കൊടുത്തിട്ടുണ്ട് എന്ന് വ്യക്ത മാക്കുമോ;

(സി) ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ തുകയടയ്ക്കാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് ഈ കാലാവധി വർദ്ധിപ്പിച്ചു കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) അംഗത്വം നഷ്ടപ്പെട്ടവർക്ക് അത് പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 2003 മാർച്ച് 1 മുതൽ ഏപ്രിൽ 30 വരെ പൊതുമാപ്പ് നൽകിയിരുന്നു. ആയത് 17-6-2003-ലെ 35-ാമത് ബോർഡ് യോഗതീരുമാനപ്രകാരം 2003 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. അതു പ്രകാരം എത്ര വർഷത്തെ കുടിശ്ശികയുള്ളവർക്കും പിഴപലിശയടക്കം അംശദായ കുടിശ്ശിക അടച്ച് അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്.

(ബി) അംഗത്വ പുനഃസ്ഥാപനത്തിന് 2003 ആഗസ്റ്റ് 31 വരെ സമയം കൊടു ത്തിട്ടുണ്ട്.

(സി) 2003 മാർച്ച് 1 മുതൽ 31 വരെ നൽകിയ പൊതുമാപ്പ് കാലാവധി ആദ്യം ഏപ്രിൽ 30 വരെ ദീർഘിപ്പിക്കുകയും പിന്നീട് 35-ാമത് ബോർഡ് യോഗതീരു മാനപ്രകാരം 2003 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

റോഡ് സുരക്ഷിതത്വ നിയമം

*15 [616] ശ്രീ. വി. ബാലറാം:
,, ടി. യു. രാധാകൃഷ്ണൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനുവേണ്ടി ഒരു റോഡ് സുരക്ഷിതത്വ നിയമത്തിന് രൂപം കൊടുക്കാനുദ്ദേശ്യമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly